**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 697** **28-06-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ പുതിയ സെക്ഷൻ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കവളങ്ങാട്, പല്ലിയാരിമംഗലം എന്നീ പഞ്ചായത്തുകളിൽ നിന്നുള്ള ആയിരക്കണക്കിന് ആളുകൾ വൈദ്യുതി സംബന്ധമായ നിരവധി ആവശ്യങ്ങൾക്കായി വളരെ ദൂരത്തിലുള്ള കോതമംഗലം നമ്പർ 2 സെക്ഷനെയാണ് ആശ്രയിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉപഭോക്താക്കളുടെ എണ്ണം ഗണ്യമായി വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വലിയ ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ പ്രയാസം കണക്കിലെടുത്ത് കോതമംഗലം മണ്ഡലത്തിൽ ഊന്നുകൽ പ്രദേശത്ത് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e- payment സംവിധാനങ്ങളും ഏർപ്പെടു ത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർ ത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.<br><br>എന്നിരുന്നാലും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നു വരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ-ന്റെ പരിഗണനയിലുണ്ട്. ഊന്നുകൽ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇടുക്കി ജില്ലയുടെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ നിന്നു പോലും ജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി കോതമംഗലം നമ്പർ 2 സെക്ഷനെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അടിയന്തരമായി പുതിയ സെക്ഷൻ ഓഫീസ് ഊന്നുകൽ കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിലവിൽ സ്വീകരിച്ചു വരുന്നത്. |

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e- payment സംവിധാനങ്ങളും ഏർപ്പെട്ടു ത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർ ത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കു ന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

എന്നിരുന്നാലും ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ-ൽ നടന്നു വരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ-ന്റെ പരിഗണനയിലുണ്ട്.

| | | | |
|---|---|---|---|
| | | | ഊന്നുകൽ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ